എഞ്ചിനീയറിംഗ്, മെഡിക്കൽ പൊതുപ്രവേശന പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യ നിർണ്ണയം

104 (2084) ശ്രീ. എ. കെ. മണി :

ശ്രീ. ഇ. എം. അഗസ്തി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ്, മെഡിക്കൽ പൊതുപ്രവേശന പരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം ചെയ്യുന്ന രീതി വിശദീകരിക്കുമോ ;

(ബി) കമ്പ്യൂട്ടറിലാണോ ഈ പ്രവർത്തി ചെയ്യുന്നത് ;

(സി) എങ്കിൽ ഈ നടപടി ആരംഭിച്ചപ്പോൾ മുതൽ ഇതുവരെ ഈ ജോലി ചെയ്തു വരുന്നത് ഒരാൾ തന്നെയാണോ ;

(ഡി) ഒരാളെത്തന്നെ എല്ലാ പരീക്ഷകൾക്കും ഉത്തരക്കടലാസ് മൂല്യനിർണ്ണയം ചെയ്യുവാൻ നിയോഗിക്കുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി) അതെ.

(സി) ഈ ജോലികൾ ചെയ്യുന്നത് കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ കമ്പ്യൂട്ടർ സെക്ഷനിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു ടീമാണ്. കൂടാതെ കഴിഞ്ഞ വർഷം സർക്കാർ നിയോഗിച്ച അഞ്ച് സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു ഉന്നതതല സംഘം നിരീക്ഷകരായി പ്രവർത്തിച്ചിരുന്നു.

(ഡി) ബാധകമല്ല.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽനോട്ടത്തിലുള്ള പ്രവേശനപരീക്ഷ

105 (2085) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവേശനപരീക്ഷ കമ്മീഷണറുടെ മേൽനോട്ടത്തിൽ ഏതൊക്കെ പ്രവേശനപരീക്ഷകളാണ് നിലവിൽ നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 1998-99 അക്കാദമിക് വർഷക്കാലത്ത് പ്രവേശനപരീക്ഷാ കൺട്രോളറുടെ മേൽനോട്ടത്തിൽ ഏതൊക്കെ പരീക്ഷകൾ നടന്നു എന്നും ഓരോന്നിനും എന്തുതുക വീതം ഏതൊക്കെ ഇനത്തിൽ ചെലവുചെയ്തു എന്നും വ്യക്തമാക്കുമോ ;

---

† അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XVII

[9-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 104(2084)-ന്റെ 'എ' ഉത്തരം ദയവായി കാണുക]

മൂല്യനിർണ്ണയം ചെയ്യുന്ന ദിവസം പ്രവേശന പരീക്ഷാ കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്ട്രോംഗ് റൂമിൽ നിന്ന് സീൽ ചെയ്ത ഉത്തരക്കടലാസ് പായ്ക്കറ്റുകൾ സ്കാനിംഗ് റൂമിലേയ്ക്ക് മാറ്റുന്നു. ഓരോ കെട്ട് ഉത്തരക്കടലാസും രണ്ട് പ്രാവശ്യം വീതം സ്കാൻ ചെയ്യുന്നു. സ്കാനിംഗ് കഴിഞ്ഞ ഉടനെ തന്നെ ഉത്തരക്കടലാസുകൾ പ്രത്യേകം കവറുകളിലാക്കി മുദ്ര വയ്ക്കുന്നു. സ്കാനിംഗിനോടനുബന്ധമായ എല്ലാ വിവരങ്ങളും സ്കാനിംഗ് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നു. സ്കാനിംഗ് നടത്തിയതു വഴി കംപ്യൂട്ടറിൽ ശേഖരിക്കപ്പെട്ട ഉത്തരക്കടലാസിലെ വിവരങ്ങൾ ഉടനെതന്നെ കംപ്യൂട്ടർ ഫ്ളോപ്പി, സി.ഡി.റോം തുടങ്ങിയ കോപ്പി മീഡിയത്തിൽ പകർത്തുകയും അവ സീൽ ചെയ്ത് കമ്മീഷണർ വശം സൂക്ഷിക്കുകയും ചെയ്യുന്നു. പരീക്ഷാർത്ഥികൾ ഉത്തര കടലാസിൽ രേഖപ്പെടുത്തിയ അടിസ്ഥാനവിവരങ്ങളായ റോൾ നമ്പർ, ബുക്ക് ലെറ്റ് വെർഷൻ എന്നിവയിൽ കടന്നുകൂടിയിട്ടുള്ള തെറ്റുകൾ കംപ്യൂട്ടറിലൂടെ തന്നെ കണ്ടു പിടിച്ച് തിരുത്തുന്നു. സ്കാനിംഗ് പ്രക്രിയ പൂർണ്ണമായതിനുശേഷം മൂല്യനിർണ്ണയം ആരംഭിക്കുന്നു. പ്രാരംഭ നടപടിയായി ഉത്തരത്തിന്റെ സൂചിക കമ്മീഷണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കംപ്യൂട്ടറിൽ രേഖപ്പെടുത്തുന്നു. അതിനുശേഷം രേഖപ്പെടുത്തിയ സൂചിക അനുസരിച്ച് കംപ്യൂട്ടറിലൂടെ മൂല്യനിർണ്ണയം നടത്തുന്നു. മൂല്യനിർണ്ണയത്തിന്റെ ഓരോ ഘട്ടത്തിലുമുള്ള പ്രവർത്തനങ്ങളുടെ കൃത്യത വിവിധ തരത്തിലുള്ള പരിശോധനയിലൂടെ ഉറപ്പുവരുത്തുന്നു. അതിനുശേഷം മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സ്ട്രോംഗ് റൂമിൽ നിക്ഷേപിച്ച് മുദ്ര വയ്ക്കുന്നു. ഈ പ്രക്രിയകൾക്ക് ശേഷം മാത്രമാണ് ഫലം തയ്യാറാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly